പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1512 14.12.2012- ലെ മറുപടിക്ക്

## പ്രവാസി ഭാരതീയ ദിവസ്.

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ആർ. സെൽവരാജ്,<br>ശ്രീ. സി. പി. മുഹമ്മദ്,<br>ശ്രീ. കെ. ശിവദാസൻ നായർ,<br>ശ്രീ. വർക്കല കഹാർ | | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) പ്രവാസി ഭാരതീയ ദിവസ് സംസ്ഥാനത്ത് നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | | (എ) ഉണ്ട്. 2013 ജനുവരി 7 - 9 വരെ 11-ാംമത് പ്രവാസി ഭാരതീയ ദിവസ് കൊച്ചിയിൽ വച്ച് നടത്തുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) സമ്മേളനത്തിന്റെ മുഖ്യ വിഷയങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;<br><br>(സി) സമ്മേളനത്തിലെ പ്രധാന ചർച്ചാ വിഷയങ്ങൾ എന്തൊക്കെയാണ്: | | (ബി) യും (സി) യും : സമ്മേളനത്തിന്റെ അന്തിമ കാര്യപരിപാടി കേന്ദ്ര സർക്കാർ നിശ്ചയിച്ചറിയിച്ചിട്ടില്ല. എന്നാൽ പ്രവാസികാര്യ മന്ത്രാലയം തയ്യാറാക്കിയിട്ടുള്ള പ്രാഥമിക പരിപാടി അനുസരിച്ച് താഴെ പറയുന്ന വിഷയങ്ങൾ ചർച്ച ചെയ്യുമെന്ന് അറിയിച്ചിട്ടുണ്ട്.<br><br>1. വിദേശത്തുള്ള പ്രവാസി ഇന്ത്യാക്കാർ.<br>2. നൈപുണ്യ വികസനം.<br>3. ശാസ്ത്ര മേഖല.<br>4. ടൂറിസം.<br>5. യുവജനങ്ങളുമായുള്ള സംവാദം.<br>6. ഇന്ത്യയുടെ വികസനം; വൻ അവസരങ്ങൾ. |

| | | |
|---|---|---|
| | | 7. പ്രവാസി ഇന്ത്യൻ - നിക്ഷേപ സുരക്ഷിത അന്തരീക്ഷം.<br>8. രണ്ടാം തലമുറയെ ഉൾപ്പെടുത്തൽ.<br>9. സംസ്ഥാനങ്ങളിലെ നിക്ഷേപ സാദ്ധ്യതകളെക്കുറിച്ചുള്ള പ്ലീനറി സമ്മേള-നങ്ങൾ (ചീഫ് മിനിസ്റ്റേഴ്സ് സെഷൻസ്).<br>10. സമാന്തര സ്റ്റേറ്റ് സെഷൻസ്.<br>11. ഗദ്ദാർ പ്രസ്ഥാനത്തിലെ പ്രവാസി ഭാരതീയ ദിവസ് ഓറിയന്റേഷൻ. |
| (ഡി) വിവിധ മേഖലകളിൽ പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ, സംസ്ഥാനത്തെ അവസരങ്ങൾ, സുരക്ഷിതമായ നിക്ഷേപ സാഹചര്യം തുടങ്ങിയവ ചർച്ചാ വിഷയമാക്കുന്ന കാര്യം പരി ഗണിക്കുമോ? | | (ഡി) ജനുവരി 9 -ാം തിയതിയിലെ സംസ്ഥാനങ്ങൾക്ക് പ്രത്യേകമായി നൽകിയിട്ടുള്ള അവസരത്തിൽ പ്രവാസി മലയാളികളെ സംബന്ധിച്ച എല്ലാ വിഷയങ്ങളും നിക്ഷേപക സാധ്യതകൾക്ക് പ്രാമുഖ്യം നൽകികൊണ്ട് അവതരിപ്പിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ